ഉത്തരം

(എ)—(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും പ്രത്യേക പഠനം നടത്തിയിട്ടില്ല.

എക്സ്പ്രസ്സ് ഹൈവേ

148 [1386] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി:
,, ശ്രീ. എ. ചന്ദ്രശേഖരൻ:
,, ലൂഡി ലൂയിസ്:
,, കെ. അച്ചുതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുന്നതിനെപ്പറ്റി പ്രതിപക്ഷ കക്ഷികളും രാഷ്ട്രീയ കക്ഷികളുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണത്തെപ്പറ്റി ഒരു സമവായം ഉണ്ടാക്കുവാൻ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നു പറയുമോ;

(സി) എക്സ്പ്രസ്സ് ഹൈവേ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമോ?

ഉത്തരം

(എ) ആന്റ് (ബി) എല്ലാ എം. എൽ. എ. മാർക്കും പത്രപ്രവർത്തകർക്കും ഇതു സംബന്ധിച്ച ഒരു Presentation നടത്തിയിരുന്നു.

(സി) ആക്കം കൂട്ടും.

നാഷണൽ ഹൈവേയിലെ ബൈപാസ്സുകൾ

149 [1387] ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ച എത്ര റോഡുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ റോഡുകളുടെ പേരും നമ്പരും ഉൾകൊള്ളുന്ന പട്ടിക ലഭ്യമാക്കുമോ;

(സി) നാഷണൽ ഹൈവേ കടന്നു പോകുന്ന ഏതെല്ലാം നഗരങ്ങളിലാണ് എൻ. എച്ച്. ബൈപാസ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഇതിൽ ഇതുവരെ പ്രവർത്തനം തുടങ്ങാത്ത ബൈപാസുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly